രൂപത്തിലാക്കി പുരട്ടുക. തുടർന്നു രണ്ടാഴ്ചത്തേക്ക് രണ്ടു ദിവസത്തിലൊരിക്കൽ വീതം ട്രൈക്കോഡെർമ കുഴമ്പു പുരട്ടിയ ഭാഗത്ത് ഈർപ്പം നിലനിർത്താൻ വെള്ളം തളിച്ചു കൊടുക്കണം.

4. ട്രൈക്കോഡെർമ ചേർത്ത വേപ്പിൻ പിണ്ണാക്ക് 5 കി.ഗ്രാം. എന്ന തോതിൽ തെങ്ങിൻ തടത്തിൽ ചേർത്ത് കൊടുക്കുക.
5. വേരിൽകൂടി 5% വീര്യത്തിൽ കാർബെൻഡാസിം 50 WP (ബാവിസ്റ്റിൻ) എന്ന കുമിൾനാശിനി 100 മി.ലി. എന്ന തോതിൽ നൽകുന്നത് രോഗനിയന്ത്രണത്തിന് സഹായകമാണ്.



**5% വീര്യത്തിൽ കാർബെൻഡസിം 50 WP കുമിൾനാശിനി 100 മി.ലി. എന്ന തോതിൽ വേരിൽകൂടി നൽകുക.**

6. രോഗബാധ രൂക്ഷമാണെങ്കിൽ 40 ലി. കുമിൾനാശിനി ലായനി (0.1% വീര്യത്തിൽ തയ്യാറാക്കിയ കാർബെൻഡാസിം 50 WP എന്ന കുമിൾനാശിനി) തടത്തിൽ ഒഴിച്ച് തെങ്ങിൻ തടം കുതിർക്കുന്നത് രോഗനിയന്ത്രണത്തിനു സഹായകമാണ്.
7. വേനൽക്കാലത്ത് തെങ്ങുകൾക്ക് ജലസേചനം നൽകുന്നതും വർഷകാലത്ത് തെങ്ങിൻതോട്ടത്തിൽ വെള്ളം കെട്ടിനിൽക്കാത്ത വിധത്തിൽ അധിക വെള്ളം വാർന്ന് പോകുന്നതിനു സൗകര്യമൊരുക്കുന്നതും രോഗബാധ കുറയ്ക്കുന്നതിന് സഹായിക്കും.
8. നിർദ്ദേശിച്ച അളവിലുള്ള സന്തുലിത വളപ്രയോഗം വഴി തെങ്ങുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നത് ചെന്നീരൊലിപ്പ് രോഗത്തിന്റേ തീവ്രത കുറക്കാൻ സഹായിക്കും.


**വിജ്ഞാപന വ്യാപന പ്രസിദ്ധീകരണം**
**നമ്പർ : 280 (ഡിസംബർ 2019)**



**തയ്യാറാക്കിയത് :**
ഡാലിയമോൾ, തമ്പാൻ. സി.,
പ്രതിഭ. വി.എച്ച്, വിനായക ഹെഗ്ഡേ



**പ്രസിദ്ധീകരിക്കുന്നത് :**
അനിത കരുൺ
ആക്ടിംഗ് ഡയറക്ടർ,
ഐ.സി.എ.ആർ – സി.പി.സി.ആർ.ഐ.
കാസറഗോഡ്–671124
ഇമെയിൽ : directorcpcri@gmail.com



**കൂടുതൽ വിവരങ്ങൾക്ക് :**
ഡയറക്ടർ,
ഐ.സി.എ.ആർ – സി.പി.സി.ആർ.ഐ.
കാസറഗോഡ്–671124
ഫോൺ : 04944–232893, 232894, 232895
വെബ്സൈറ്റ് : http://www.cpcri.gov.in
ഇമെയിൽ : cpcri@icar.gov.in


# തെങ്ങിന്റെ ചെന്നീരൊലിപ്പ് രോഗം - സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ




ഐ.സി.എ.ആർ – കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം
കാസറഗോഡ്–671124, കേരളം

# ചെന്നീരൊലിപ്പ് രോഗം സംയോജിത നിയന്ത്രണ മാർഗ്ഗങ്ങൾ

ചെന്നീരൊലിപ്പ് തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങളിൽ ഒന്നാണ്. തെങ്ങ് കൃഷിയുള്ള എല്ലാ പ്രദേശങ്ങളിലും ചെന്നീരൊലിപ്പ് വ്യാപകമായി കണ്ടു വരാറുണ്ട്. ശ്രീലങ്കയിലാണ് ആദ്യമായി ഈ രോഗം കണ്ടു തുടങ്ങിയത്, കാലക്രമേണ ഇന്ത്യയിലും മറ്റ് രാജ്യങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടു.

## രോഗകാരണം

തെലോവിയോപ്സിസ് പാരഡോക്സ എന്ന കുമിൾ  ബാധമൂലമാണ് ചെന്നീരൊലിപ്പ് ഉണ്ടാകുന്നത്. തെങ്ങിൻ തടിയിലുണ്ടാകുന്ന പ്രകൃത്യാ കാണപ്പെടുന്ന വിള്ളലുകൾ, കടുത്ത വരൾച്ചക്കു ശേഷമുള്ള വെള്ളക്കെട്ട്, പോഷകങ്ങളുടെ അസന്തുലിതാവസ്ഥ, മണ്ണിൽ കൂടുതലയുള്ള ലവണാംശം എന്നിവ രോഗത്തിന്റെ തീവ്രത വർദ്ധിപ്പിക്കുവാൻ സഹായകമാവുന്നു.

## രോഗലക്ഷണം

തെങ്ങിൻ തടിയിൽ രൂപം കൊള്ളുന്ന വിടവിലൂടെ തവിട്ടു കലർന്ന ചുവന്ന നിറത്തിലുള്ള ദ്രാവകം ഒലിച്ചിറങ്ങുകയോ അല്ലെങ്കിൽ



**തടിയുടെ ഭാഗത്ത് നിന്നും തവിട്ടു നിറത്തിലുള്ള ദ്രാവകം ഒലിച്ചിറങ്ങുക**



**ഓലകൾ ചെറുതായി മുകൾഭാഗത്തെ തടി പെൻസിൽ പോലെ നേർത്തിരിക്കുക**

തവിട്ടു നിറത്തിലുള്ള പാടുകൾ തടിയുടെ ചുവടുഭാഗത്ത് കാണപ്പെടുകയോ ചെയ്യുന്നതാണ് പ്രധാന രോഗ ലക്ഷണം. ഒലിച്ചിറങ്ങുന്ന തവിട്ടു നിറത്തിലുള്ള ദ്രാവകം പിന്നീട് ഉണങ്ങി കറുപ്പ് നിറമാവും. പാടുകൾ ഉണ്ടായ ഭാഗത്തിന്റെ ഉൾവശം അഴുകിത്തുടങ്ങുകയും, പാടുകൾ മുകളിലോട്ടു വ്യാപിക്കുകയും ചെയ്യുന്നു. ദ്രാവകം ഊറി വരുന്ന വിള്ളലുകൾ ഉള്ള ഭാഗത്തെ തൊലി ചെത്തി മാറ്റിയാൽ ഉള്ളിലുള്ള തടി ചീഞ്ഞഴുകുന്നതായി കാണാം. ഇങ്ങനെയുള്ള തടിയിൽ ഡയോകലണ്ടറ എന്ന വണ്ടിന്റെ ആക്രമണം കാണാം. കാലക്രമേണ ഓലകൾ ചെറുതാവുകയും തെങ്ങിന്റെ ഓലയുടെ  വിസ്തൃതി ചെറുതാവുകയും ചെയ്യുന്നു.  തേങ്ങയുടെ എണ്ണം കുറയുകയും പിന്നീട് മച്ചിങ്ങ പൊഴിച്ചിലും ഉണ്ടാവുന്നു. മുകൾ ഭാഗത്തെ തടി പെൻസിൽ പോലെ മെലിഞ്ഞു കാണപ്പെടും.

## രോഗനിയന്ത്രണ മാർഗ്ഗങ്ങൾ

1. തെങ്ങിന്റെ ചുവട്ടിൽ തടിയോട് ചേർത്ത് ചപ്പുചവറുകൾ കൂട്ടിയിട്ട് തീ കത്തിക്കുന്നത് ഒഴിവാക്കുക.
2. ചെന്നീരൊലിക്കുന്ന ഭാഗങ്ങൾ ചെത്തിമാറ്റി മുറിപ്പാടിൽ 5% വീര്യത്തിൽ തയ്യാറാക്കിയ ഹെക്സകൊണാസോൾ 5 EC എന്ന കുമിൾനാശിനി (കോണ്ടാഫ്) പുരട്ടണം. ഇതിനായി 5 മി.ലി. കുമിൾനാശിനി 100 മി.ലി. വെള്ളത്തിൽ എന്ന തോതിൽ കലർത്തണം. രണ്ടു ദിവസത്തിന് ശേഷം ഇതിന്മേൽ ടാർ പുരട്ടണം.
3. ചെന്നെരൊലിപ്പുള്ള ഭാഗങ്ങളിൽ എതിർ കുമിളുകളായ ട്രൈക്കോഡെർമ കുഴമ്പു



**ചെന്നീരൊലിപ്പുള്ള ഭാഗങ്ങളിൽ ട്രൈക്കോഡെർമ കുഴമ്പു രൂപത്തിലാക്കി പുരട്ടുക**